പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
05.06.2018 ൽ
മറുപടിയ്ക്ക്

ചോദ്യം നം.677

## യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി യു.പ്രതിഭ ഹരി<br>ശ്രീ.എം.രാജഗോപാൽ<br>ശ്രീ.കെ.ബാബു<br>ശ്രീ.എം.നൗഷാദ് | ശ്രീ.എ.സി. മൊയ്തീൻ<br>(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ബോർഡ് യോഗങ്ങളിലും സർക്കാർ തലത്തിലും അവലോകനം ചെയ്യാറുണ്ട്. |
| (ബി) | യുവജനക്ഷേമ ബോർഡ് കീ സമ്മിറ്റ് 2018 എന്ന പേരിൽ ശില്പശാല സംഘടിപ്പിച്ചിട്ടുണ്ടോ ; | (ബി) & (സി) | ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2018 ജനുവരി 17,18 തീയതികളിലായി കീ സമ്മിറ്റ് 2018 എന്ന പേരിൽ സംരംഭകത്വ ശില്പശാല ടാഗോർ തീയറ്ററിൽ വച്ച് സംഘടിപ്പിച്ചു. മികച്ച ആശയമുള്ള യുവസമൂഹത്തെ ഒന്നാകെ സംരംഭകത്വത്തിന് പ്രേരിപ്പിക്കുന്നതിനാവശ്യമായ രീതിയിലുള്ള ക്ലാസ്സുകൾ, ചർച്ചകൾ, എന്നിവ ഉൾപ്പെടുത്തിയാണ് രണ്ട് ദിവസത്തെ ശില്പശാല സംഘടിപ്പിച്ചത്. ശില്പശാലയിൽ പങ്കെടുത്ത പ്രതിനിധികൾ 300 ഓളം മികച്ച ആശയങ്ങൾ അവതരിപ്പിച്ചു. പ്രഗത്ഭരായ സംരംഭകർ പങ്കെടുത്തവരുമായി സംവദിച്ചു. യുവജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ കീ സമ്മിറ്റിൽ ഏറ്റവും മികച്ച ആശയങ്ങൾ അവതരിപ്പിച്ച 5 പേർക്ക് ക്യാഷ് അവാർഡ് നൽകി . |
| (സി) | എങ്കിൽ പ്രസ്തുത ശില്പശാലയുടെ വിശദാംശങ്ങൾ നൽകുമോ ; | | |
| (ഡി) | പതിനാല് ജില്ലകളിലായി രൂപീകരിക്കപ്പെട്ട യുവക്ലബ്ബുകളുടെ | (ഡി) | സംസ്ഥാനത്ത് സാമൂഹികമായും സാമ്പത്തികമായും ഭൂമിശാസ്ത്രപരമായും |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | | പിന്നോക്കം നിൽക്കുന്ന മേഖലകളിലാണ് യുവാക്ലബ്ബുകൾ പ്രവർത്തിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും സാധ്യതയ്ക്കനുസരിച്ച് യുവാക്ലബ്ബുകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ കലാ കായിക മത്സരങ്ങൾ, ബോധവത്ക്കരണ ക്യാമ്പെയിനുകൾ, മത്സരപരീക്ഷാ പരിശീലനങ്ങൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, സാംസ്കാരിക കൂട്ടായ്മകൾ, അക്കാഡമി പ്രതിഭകൾക്ക് അനുമോദനങ്ങൾ, ബാലവേദികൾ രൂപീകരണം, പാരമ്പര്യ കലകളുടെയും ഗോത്ര കലകളുടെയും പ്രോത്സാഹനം. കാർഷിക പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. |
| (ഇ) | തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പി.എസ്.സി പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ ക്ലബ്ബുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ? | (ഇ) | അപേക്ഷ സമർപ്പിച്ച ക്ലബ്ബുകൾക്ക് പി.എസ്.സി പരിശീലന പരിപാടി സംഘടിപ്പിക്കുവാനായി സംസ്ഥാനമൊട്ടാകെ 531 ക്ലബ്ബുകൾക്ക് 5,000/- രൂപ വീതം ആകെ 26,55,000/- രൂപ അനുവദിച്ചു. വിശദാംശം അനുബന്ധമായി ചേർക്കുന്നു. പരിശീലന പരിപാടികൾ ക്ലബ്ബുകൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പി.എസ്.എസി പരിശീലന പരിപാടി

| ക്രമ നം. | ജില്ല | ക്ലബ്ബുകളുടെ എണ്ണം | തുക | ആകെ തുക |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 95 | 5000 | 475000 |
| 2. | കൊല്ലം | 50 | 5000 | 250000 |
| 3. | പത്തനംതിട്ട | 24 | 5000 | 120000 |
| 4. | ആലപ്പുഴ | 13 | 5000 | 65000 |
| 5. | കോട്ടയം | 8 | 5000 | 40000 |
| 6. | എറണാകുളം | 16 | 5000 | 80000 |
| 7. | തൃശ്ശൂർ | 57 | 5000 | 285000 |
| 8. | പാലക്കാട് | 25 | 5000 | 125000 |
| 9. | മലപ്പുറം | 83 | 5000 | 415000 |
| 10. | കോഴിക്കോട് | 6 | 5000 | 30000 |
| 11. | വയനാട് | 44 | 5000 | 220000 |
| 12. | കണ്ണൂർ | 70 | 5000 | 350000 |
| 13. | കാസർഗോഡ് | 40 | 5000 | 200000 |
| | ആകെ | 531 | | 2655000 |